# STORIES AND FACTS ABOUT CHRISTMAS

MALAYALAM E-BOOK

# ക്രിസ്മസ്

## കഥയും കാര്യവും



KRISTHEEYA
Sodari
spread the fragrance!

SODARI.IN

CLICK HERE
To read/listen this article online

ലോകരക്ഷിതാവായ യേശുക്രിസ്തുവി ന്റെ തിരുജനനം ജാതിമതവർണ്ണ വർ ഗ്ഗ വ്യത്യാസമെന്യേ ഓർക്കുന്ന ക്രിസ്തു മസ് ലോകവ്യാപകമായി ആഘോഷി ക്കപ്പെടുന്നു. വീടുകൾ അലങ്കരിച്ചും ആശംസകൾ അറിയിച്ചും സമ്മാന ങ്ങൾ കൈമാറിയും ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശങ്ങൾ പരത്തിയും ഓരോ വർഷവും ക്രിസ്തുമസി നെ നമ്മൾ വരവേൽക്കുന്നു.

തിരുപ്പിറവിയുമായി ബന്ധപ്പെട്ട കഥാ പാത്രങ്ങളെ ആകർഷകമായി ഒരുക്കി നിർത്തിയിരിക്കുന്ന പുൽക്കൂടുകൾ, ദീപാലംകൃതമായ രാവുകൾക്ക് ശോഭ പകർന്നു വിവിധ മാതൃകയിലും വലിപ്പ ത്തിലുമുള്ള നക്ഷത്രങ്ങൾ, സന്ധ്യമു തൽ അർദ്ധരാത്രിവരെയും നീളുന്ന ഗാനാലാപനങ്ങളുമായി വീടുകൾ തോ റും കയറിയിറങ്ങുന്ന കരോൾ ഗായക സംഘങ്ങൾ.. ഇവയെല്ലാം ക്രിസ്മസി ന്റെ മാത്രം ആഘോഷക്കാഴ്ചകൾ..

ക്രൈസ്തവ സന്ദേശത്തിന്റെ ലോകമെ ങ്ങുമുള്ള പ്രചാരവും ലോകരക്ഷിതാവ് എന്ന സാർവലൗകികതയും ക്രിസ്മസി നെ സ്വീകാര്യതയുള്ളതാക്കി മാറ്റി.

## കഥയല്ലിത് കാര്യം

യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള ആധികാരിക രേഖക ളാണ് വിശുദ്ധ ബൈബിളിലെ സുവി ശേഷങ്ങൾ. ദൈവവും മനുഷ്യനു മായുള്ള ആശയവിനിമയ ത്തിന്റെ ലി ഖിത രൂപമായ ബൈബിളിൽ ദൈവ ത്തിന്റെ പദ്ധതികൾ വെളിപ്പെടുത്തി യിരിക്കുന്നു. മനുഷ്യവർഗ്ഗത്തിനു ആക മാനമായി ദൈവം ഒരുക്കിയ സമ്മാന മായ യേശുവിന്റെ തിരുജനനവും ബൈബിളിൽ നേരത്തെ തന്നെ വെളി പ്പെടുത്തിയിരുന്നു. മത്തായി, മർക്കോ സ്, ലൂക്കോസ്, യോഹന്നാൻ എന്നിവർ എഴുതിയ നാല് സുവിശേഷ ങ്ങൾ യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശവുമാണ് ഉൾക്കൊള്ളുന്നത്. യേശുവിന്റെ സമകാലിക ചരിത്രവും സംഭവങ്ങളും സ്ഥലങ്ങളും അവയിൽ പ്രതിപാദിച്ചിരിക്കുന്നു.

ക്രിസ്തുമസുമായി ബന്ധപ്പെട്ട ഇന്ന് നാം കാണുന്ന നക്ഷത്രങ്ങളും പുൽക്കൂടുകളും ആട്ടിടയന്മാരും വിദ്വാന്മാരും കരോൾ ഗാനാലാപനവും എല്ലാം തന്നെ സുവി ശേഷങ്ങ ളിലെ ക്രിസ്തുജനനവുമായി ബന്ധപ്പെട്ട സംഭവങ്ങളെ ഓർമ്മിപ്പി ക്കുന്നതാണ്. എന്നാൽ തിരുവെഴുത്തു കളുമായി ബന്ധമില്ലാത്ത ആചാര ങ്ങളുമായും ഇന്ന് ക്രിസ്തുമസ് ആഘോ ഷങ്ങൾ ബന്ധപ്പെട്ടു കിടക്കുന്നു.

## യേശു എന്ന് ജനിച്ചു?

യേശുവിന്റെ ജനനത്തീയതി ബൈബി ളിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ജനനത്തിന്റെ വിവരണത്തിൽ നിന്നും ചില വിവരങ്ങൾ ലഭ്യമാണ്. യോസേ ഫും മറിയയും പങ്കെടുത്ത, സിറിയയി ലെ റോമൻ ഗവർണറായിരുന്ന ക്വറേനിയസിന്റെ കാലത്ത് നടന്ന സെൻസസും യഹൂദ്യയിലെ ഹെരോ ദാവിന്റെ ഭരണവും ഒരു സമയ സൂചി കയാണ്.

## ക്രിസ്തു ജനിച്ചത് എവിടെ?

യഹൂദ്യയിലെ ബെത്‌ലഹേമിലാണ് യേശു ജനിച്ചത്. അക്കാലത്തു റോമൻ ഭരണത്തിന് കീഴിയിൽ ആയിരുന്ന യഹൂദന്മാരുടെ നാട് യഹൂദ്യ, ശമര്യ, ഗലീല എന്നിങ്ങനെ മൂന്നു പ്രവിശ്യകളാ യി തിരിച്ചിരുന്നു. അതിൽ യഹൂദ്യ മേഖ ലയിലെ ഒരു ഗ്രാമമായിരുന്നു ബെത്‌ലെഹേം.

# ബെത്ലെഹേം

യേശുവിന്റെ ജനനത്തോടെ ലോക പ്രശസ്തമായ ഒരു ഗ്രാമമാണ് ബെത്ലെഹേം. യേശുവിന്റെ കാലത്ത് യഹൂദ്യ പ്രവിശ്യയിൽ ഉൾപ്പെട്ടിരുന്ന ഈ പ്രദേശം ഇന്ന് പലസ്തീൻ അതോറിറ്റിയുടെ നിയന്ത്രണത്തിലാണുള്ളത്. യേശു ജനിച്ച സ്ഥാനം എന്ന് വിശ്വസിക്കുന്നിടത്ത് പണി കഴിപ്പിച്ചിരിക്കുന്ന തിരുപ്പിറവിയുടെ ദേവാലയം സന്ദർശകർക്ക് പ്രിയമുള്ളതാണ്.

ബൈബിളിൽ ഏറെ പരാമർശിച്ചിട്ടില്ലെങ്കിലും വളരെ പ്രസിദ്ധി നേടിയ ബൈബിൾ നാട്ടുകളിൽ ഒന്നാണ് ബെത്ലെഹേം. ദൈവപുത്രന്റെ ജനനം ഓർമ്മിപ്പിക്കുന്ന താഴ്മയുടെയും ദൈവത്തിന്റെ തിരഞ്ഞെടുപ്പിനാൽ ഉയർച്ചയുടെയും ഒരു ഉദാഹരണമായി ഈ പട്ടണം നിലകൊള്ളുന്നു.

യിസ്രായേലിന്റെ രണ്ടാമത്തെ രാജാവും എക്കാലത്തെയും വീര നായകനുമായിരുന്ന ദാവീദ് ബെത്ലെഹം സ്വദേശി ആയിരുന്നു. ദാവീദിന്റെ പിതാമഹനായിരുന്ന ബോവസിന്റെ വയൽ ബെത്ലെഹെമിൽ ഇന്നും സന്ദർശകർക്ക് സ്വാഗതമരുളുന്നു. ബെത്ലഹേമിൽ ഉണ്ടായ ഒരു ക്ഷാമത്തെ തുടർന്ന് നവോമിയും കുടുംബവും മോവാബിലേക്ക് പലായനം ചെയ്തതും പിന്നീട് രൂത്തും നവോമിയും തിരികെയെത്തിയതും രൂത്തിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബോവസിന്റെ വയലിൽ രൂത്ത് ജോലി ചെയ്തിരുന്നു. മൂവായിരത്തിലേറെ വർഷങ്ങളുടെ പഴക്കമാണ് ഈ ചരിത്രത്തിനുള്ളത്. യേശുവിന്റെ ജനനസമയത്ത് ആട്ടിടയന്മാർ രാപാർത്ത വയൽ പ്രദേശം ഇതുതന്നെ ആണെന്നും കരുതപ്പെടുന്നു. ഇവിടെ നടന്ന ഗവേഷണങ്ങളുടെ ഫലമായി മുന്തിരിയും ഒലിവും ആട്ടുന്നതിനു ഉപയോഗിച്ചിരുന്ന ചക്കുകളും കൽപാത്രങ്ങളും മറ്റു നിർമിതികളും കണ്ടെടുത്തിട്ടുണ്ട്. ചെറുകുന്നുകളും വയലുകളും ധാരാളം കാണുന്ന ബെത്ലെഹെമിൽ ഇടക്കിടെയായി കൂട്ടായ ജനവാസകേന്ദ്രങ്ങളും കാണാം.



## യേശുവിന്റെ കുടുംബം

യോസേഫും മറിയയുമായിരുന്നു യേശുവിന്റെ ഈ ഭൂമിയിലെ രക്ഷിതാക്കൾ. ഇരുവരും യഹൂദ ഗോത്രത്തിൽ പെട്ടവരായിരുന്നു. യേശു യഹൂദ ഗോത്രത്തിൽ ജനിക്കുമെന്നു പ്രവചനം ഉണ്ടായിരുന്നു. യഹൂദ ഗോത്രത്തിലെ സിംഹം എന്നും യേശുവിനെ ബൈബിൾ വിശേഷിപ്പിക്കുന്നു. യോസേഫ് ആശാരിപ്പണിക്കാരൻ ആയിരുന്നു. മുപ്പതാം വയസിൽ തന്റെ പരസ്യ ശുശ്രൂഷയ്ക്ക് ഇറങ്ങുന്നത് വരെ യേശുവിന്റെയും തൊഴിൽ ഇതായിരുന്നു. യേശുവിനെ 'തച്ചന്റെ മകൻ' എന്ന് യഹൂദന്മാർ വിശേഷിപ്പിച്ചതായി സുവിശേഷ രേഖകളിൽ കാണുന്നു.

മറിയ യേശുവിനെ ഗർഭം ധരിച്ചത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായിട്ടാണ് (മത്തായി 1:20). അതിൽ യോസേഫിനു പങ്കില്ലായിരുന്നു. എന്നാൽ യേശുവിന്റെ ജനനത്തിനു ശേഷം യോസേഫിനു മറിയയിൽ മക്കൾ ഉണ്ടായി. മറിയ നിത്യകന്യകയായിരുന്നില്ല. (മത്തായി 1:25, 13:54–56).

"അവർ വിസ്മയിച്ചു: ഇവനു ഈ ജ്ഞാനവും വീര്യപ്രവൃത്തികളും എവിടെ നിന്നു? ഇവൻ തച്ചന്റെ മകൻ അല്ലയോ ഇവന്റെ അമ്മ മറിയ എന്നവളല്ലയോ? ഇവന്റെ സഹോദരന്മാർ യാക്കോബ്, യോസെ, ശിമോൻ, യൂദാ എന്നവർ അല്ലയോ? ഇവന്റെ സഹോദ രികളും എല്ലാം നമ്മോടു കൂടെയില്ലയോ? ഇവന്നു ഇതു ഒക്കെയും എവിടെ നിന്നു എന്നു പറഞ്ഞു അവങ്കൽ ഇടറിപ്പോയി." (മത്തായി 13:54–56)



## ക്രിസ്മസ് എന്ന ആഘോഷം

കൃഷിയുടെ ദേവനായ സൂര്യദേവന്റെ ആഘോഷം റോമക്കാർ ശൈത്യകാലത്ത് കൊണ്ടാടിയിരുന്നു. സന്തോഷിച്ചും കുടുംബാംഗങ്ങൾക്കും സ്നേഹിതർക്കും സമ്മാനങ്ങൾ കൈമാറിയുമാണ് അവർ ആഘോഷിച്ചിരുന്നത്. ഡിസംബർ പതിനേഴിന് ആരംഭിച്ച ഇരുപത്തഞ്ചോടെ അവസാനിക്കുന്ന ഈ ഉത്സവം പിന്നീട് യേശുവിന്റെ ജനനമായി ആഘോഷിക്കുവാൻ തീരുമാനിക്കുകയായിരുന്നു. ക്രിസ്തുവിന്റെ ഉത്സവം (ക്രൈസ്റ്റ്സ് മാസ്) എന്നർത്ഥത്തിലാണ് ക്രിസ്മസ് അഥവാ ക്രിസ്തുമസ് എന്ന പേരുണ്ടായത്. റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ ക്രിസ്തുമതാനുസാരി ആയതോടെ ക്രൈസ്തവർക്കിടയിൽ കയറിക്കൂടിയ ആചാരങ്ങളിൽ ഒന്നുമാത്രമാണ് ഡിസംബറിലെ ഈ ക്രിസ്തുമസ്.

ക്രിസ്തുമസുമായി ബന്ധപ്പെട്ടു കാണപ്പെടുന്ന മറ്റൊരു കഥാപാത്രമാണ് സാന്റാക്ളോസ് എന്ന ക്രിസ്മസ് അപ്പൂപ്പൻ. കുട്ടികൾക്കുള്ള സമ്മാനങ്ങളുമായി ക്രിസ്മസ് തലേന്ന് വീടുകളിൽ എത്തുന്ന അപ്പൂപ്പനും പരിവാരങ്ങളും മൂന്നാം നൂറ്റാണ്ടിലെ സെന്റ് നിക്കോളാസിനെയാണ് കുറിക്കുന്നത്. കുട്ടികളുടെ പ്രിയങ്കരനായിരുന്ന സെന്റ് നിക്കോളാസിന്റെ ചരമദിനം പാശ്ചാത്യർ ഓർമദിവസമായി ആചരിച്ചു സമ്മാനങ്ങൾ കൈമാറിയിരുന്നു.

## മശിഹായെക്കുറിച്ചുള്ള പ്രതീക്ഷകൾ

കാലങ്ങളായി പ്രവാസം അനുഭവിച്ചും ചിതറപ്പെട്ടും കഴിഞ്ഞിരുന്ന ജനവിഭാഗത്തിന് രക്ഷകനായി ദൈവത്താൽ അയക്കപ്പെടുന്ന അഭിഷിക്തനായ ഒരു നേതാവും സുസ്ഥിരമായ ഒരു ഭരണവും സ്വപ്നം കണ്ട് കഴിഞ്ഞിരുന്ന യഹൂദ ജനതക്ക് മോശെ മുതലുള്ള പ്രവാചകന്മാരുടെ പ്രവചനങ്ങൾ പിൻബലമായുണ്ടായിരുന്നു. ദൈവം മനുഷ്യനുവേണ്ടി വിഭാവനം ചെയ്ത സമത്വ സുന്ദരമായ ഒരു ലോകജീവിതം എങ്ങനെയെന്ന് മിശിഹായുടെ കാലത്ത് ലോകം കണ്ടറിയും എന്നായിരുന്നു അവരുടെ പ്രതീക്ഷ. ആ മശിഹാ ആരെന്നറിയാൻ അവർ അന്വേഷിച്ചുകൊണ്ടിരുന്നു. "നീ ആ പ്രവാചകനോ?" എന്ന് യോഹന്നാൻ സ്നാപകനോട് ചോദിച്ച യഹൂദന്മാരും ആ അന്വേഷണത്തിന്റെ ഭാഗമായിരുന്നു.

## പ്രവചനങ്ങൾ

യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട ബൈബിൾ പ്രവചനങ്ങൾ ചിലത് പരിശോധിക്കാം.

### അത്ഭുത ശിശു

"നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവൻ അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും." (യെശയ്യാവ് 9:6).

പുത്രത്വം, ജ്ഞാനം, അധികാരം, ശക്തി, ദൈവത്വം, നിത്യാസ്തിത്വം, സമാധാനത്തിന്റെ കുമാരൻ, എന്നിങ്ങനെയുള്ള ഗുണങ്ങളും വിശേഷണങ്ങളും ചേർന്ന ഒരു ശിശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് പ്രവാചകനായ യെശയ്യാവിലൂടെ നൽകപ്പെട്ടു.

### കന്യകയിലൂടെ ജനനം

"അതു കൊണ്ടു കർത്താവു തന്നേ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും." (യെശയ്യാവ്: 7:14).

കന്യകയിലൂടെയുള്ള ജനനം യേശുവിന്റെ ജനനത്തിലെ മാത്രം പ്രത്യേകതയാണ്.

### ബെത്‌ലെഹെമിൽ ജനിക്കും

"നീയോ, ബേത്ത്ലേഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ." (മീഖാ: 5:2). എന്ന് മീഖാ പ്രവാചകന്റെ പ്രവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബെത്‌ലെഹേം എന്ന പേരിൽ പല സ്ഥലങ്ങൾ ഉണ്ടായിരുന്നു, അതിൽ യഹൂദ്യയിലെ ബെത്‌ലെഹെ മിൽ തന്നെ ക്രിസ്തു ജനിക്കും എന്ന് കൃത്യമായി പ്രവചിക്കപ്പെട്ടിരുന്നു. മാത്രമല്ല മനുഷ്യ ജനനത്തിനു മുൻപേ ക്രിസ്തുവിനുള്ള അസ്തിത്വവും ഈ പ്രവചനത്തിൽ പ്രത്യേകം സൂചിപ്പിച്ചിരിക്കുന്നു. അർത്ഥാൽ താൻ ദൈവമാണെന്നും.

### ദാവീദിന്റെ കുടുംബത്തിൽ

എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്നു ഒരു മുള പൊട്ടി പുറപ്പെടും; അവ

ന്റെ വേരുകളിൽനിന്നുള്ള ഒരു കൊമ്പു ഫലം കായിക്കും. (യെശയ്യാവ് 11:1)

ഞാൻ ദാവീദിന്നു നീതിയുള്ളോരു മുള യായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും; അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീ തിയും ന്യായവും നടത്തും. (യിരെമ്യാവ് 23:5)

## രാമയിലെ വിലാപം

കുഞ്ഞുങ്ങളെ കൊല്ലിച്ച ഹെരോദാവി ന്റെ നടപടിയും പ്രവചനത്തിൽ കാണു ന്നു. "യഹോവ ഇപ്രകാരം അരുളി ച്ചെയ്യുന്നു: രാമയിൽ ഒരു ശബ്ദം കേൾ ക്കുന്നു! വിലാപവും കഠിനമായുള്ള കര ച്ചിലും തന്നേ; റാഹേൽ തന്റെ മക്കളെക്കുറിച്ചു കരയുന്നു; അവർ ഇല്ലാ യ്കയാൽ അവരെച്ചൊല്ലി ആശ്വാസം കൈക്കൊൾവാൻ അവൾക്കു മനസ്സി ല്ല." (യിരെമ്യാവ് 31:15)

## ഈജിപ്റ്റിൽ വളർന്ന യേശു

ദൂതൻ സ്വപ്നത്തിൽ ആവശ്യപ്പെട്ടത് അനുസരിച്ച് ഹെരോദാവിന്റെ വാളിൽ നിന്നും രക്ഷപെടുവാൻ ഈജിപ്റ്റിലേക്ക് ഓടിപ്പോയ യോസേഫും കുടുംബവും പി ന്നീട് യേശു വളർന്നതിനു ശേഷമാണു നസ്രേത്തിൽ തിരികെയെത്തുന്നത്.

"യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവ നെ സ്നേഹിച്ചു; മിസ്രയീ മിൽ നിന്നു ഞാൻ എന്റെ മകനെ വി ളിച്ചു". (ഹോശേയ 11:1) എന്ന പ്രവചനവും ഇതോടൊപ്പമുണ്ട്.

## ഓർക്കേണ്ടത്

യേശുവിന്റെ ജനനം ആദിമ സഭയോ ശിഷ്യന്മാരോ ആചരിച്ചിരുന്നില്ല. അങ്ങനെ ബൈബിൾ ആവശ്യപ്പെട്ടു ന്നുമില്ല. ക്രിസ്തുവിന്റെ മരണത്തിന്റേ യും ഉയിർപ്പിന്റെയും ഓർമയാണ് ശിഷ്യന്മാർ ആചരിക്കേണ്ടത്.



"

എന്റെ ഓർമ്മക്കായി ഇത് ചെയ് വിൻ" (ലൂക്കോസ്:22:19)എന്നാവശ്യ പ്പെട്ടുകൊണ്ടു യേശു തന്റെ അനുഗാമികൾക്ക് നൽകിയ ആച രണമാണ് തിരുവത്താഴം. വിശ്വാസി കൾ ഒരുമിച്ച് കൂടിവരുമ്പോൾ ഇത് ആചരിക്കുന്നു.

യേശുക്രിസ്തുവിന്റെ മരണം സംഭവിച്ച തുകൊണ്ടാണു ഒരു മനുഷ്യന് നേടാവു ന്നത് പാപങ്ങളുടെ മോചനവും നിത്യ ജീവനും ആത്മരക്ഷയുമാണ്. അങ്ങ നെ രക്ഷിക്കപ്പെട്ടവർ ആണ് തിരുവ ത്താഴം ആചരിക്കുന്നത്. അതുപോലെ യുള്ള ഒരു കൽപനയോ അടിസ്ഥാ നമോ ക്രിസ്മസ് ആഘോഷങ്ങൾക്കി ല്ല. ക്രിസ്മസ് ആഘോഷിച്ചതുകൊണ്ട് നേട്ടമോ ആഘോഷിക്കാതിരുന്നതു കൊണ്ട് നഷ്ടമോ ഒരു ക്രിസ്തുവിശ്വാ സിക്കില്ല. യേശുക്രിസ്തുവിന്റെ ജനനത്തെയും ജീവിതത്തെയും കുറി ച്ചുള്ള സന്ദേശങ്ങൾ പങ്കുവെക്കുവാൻ ഏറ്റവും അനുയോജ്യമായ അവസര മാണ് ക്രിസ്മസ് ദിനങ്ങൾ എന്നത് പ്രയോജനപ്പെടുത്താം.

## മിശിഹായെ കണ്ടെത്തി

യേശുക്രിസ്തുവിന്റെ ദൈവത്വം ബൈബിൾ തെളിയിക്കുന്ന വസ്തുതയാണ്. യേശുവിന്റെ ദിവ്യജനനത്തിന് അനുബന്ധമായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില സംഭവങ്ങൾ കൂടെ ശ്രദ്ധേയമാണ്.
സർവ്വലോകത്തിനും രക്ഷകനായവൻ അവതരിച്ച വിവരം ദൂതന്മാരിൽ നിന്നും അറിഞ്ഞെത്തിയ ആട്ടിടയന്മാരും (ലൂക്കോസ് 2:8–17), മിശിഹായെ നേരിട്ട് കാണുന്നതുവരെ മരണം സംഭവിക്കുകയില്ല എന്ന് അരുളപ്പാടു ലഭിച്ചിരുന്ന വൃദ്ധനായ ശിമ്യോനും (ലൂക്കോസ് 2:25–32), രാപ്പകൽ ദൈവാലയത്തിൽ ആരാധിച്ചിരുന്ന പ്രവാ ചകിയായ ഹന്നയും (ലൂക്കോസ് 2:36 –38), ശിശുവായ യേശുവിനു മുൻപിൽ രാജകീയമായ സമ്മാനങ്ങൾ കാഴ്ചവച്ചുകൊണ്ട് ആരാധിച്ച വിദ്വാന്മാരും (മത്തായി 2:11), വലിയ സന്തോഷത്തോടെ ആ സത്യം തിരിച്ചറിഞ്ഞു, ഘോഷിച്ചു, ഞങ്ങൾ മിശിഹായെ കണ്ടെത്തിയിരിക്കുന്നു!
യേശു ദൈവവും രക്ഷകനും ആണെന്ന് അവർ തിരിച്ചറിഞ്ഞു പ്രഖ്യാപിച്ചു. ഇതെല്ലാം യേശു ശിശുവായിരിക്കുമ്പോൾ തന്നെ സംഭവിച്ചതാണ്.

സർവ്വലോകത്തെയും ഗ്രസിച്ചിരിക്കുന്ന പാപത്തിന്റെ അടിമകളാണ് ഈ ഭൂമിയിൽ ജനിക്കുന്ന ഓരോരുത്തരും എന്ന സത്യം യേശു എന്ന ലോകരക്ഷിതാവിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നു. ഞാൻ പാപിയാണ്, എനിക്ക് രക്ഷനേടാൻ വേറെ വഴിയില്ല എന്ന് തിരിച്ചറിയുന്ന ഒരാൾക്കാണ് യേശു എന്ന രക്ഷിതാവിനെ ആവശ്യമായി വരുന്നത്. ഈ ഒരു ക്രിസ്തുമസ് കാലത്തിലും നമ്മിൽ ഉണ്ടാകേണ്ട തിരിച്ചറിവ് അതാണ്.

"എന്റെ കർത്താവും എന്റെ ദൈവവും" എന്ന് തോമസും (യോഹന്നാൻ 20:28), "ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്ന് പത്രോസും (മത്തായി 16:16) പ്രഖ്യാപിച്ചതുപോലെ സ്വന്തം കർത്താവും രക്ഷകനുമായി സ്വീകരിച്ചു നമ്മെ സമർപ്പിക്കുമ്പോഴാണ് ക്രിസ്തു നമ്മെ രക്ഷിക്കുന്നത്. അങ്ങനെയാണ് ക്രിസ്തുമസ് അർത്ഥപൂർണമാകുന്നത്. യേശുവിന്റെ ജനനവും മരണവും ഉയിർപ്പും നമുക്കും പ്രയോജനമുള്ളതാകുന്നത്.

